# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 18.09.2024**

### പ്രധാനവാർത്തകൾ

1. 'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്' വിശകലനം ചെയ്യുന്നതിനായി രൂപീകരിച്ച ഉന്നതതല സമിതിയുടെ നിർദേശങ്ങൾക്ക് അംഗീകാരം നൽകി കേന്ദ്ര സർക്കാർ.

2. ജമ്മുകശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിലെ ആദ്യഘട്ട വോട്ടെടുപ്പ് പൂർത്തിയായി. 5 മണി വരെ 58.19 ശതമാനം പോളിങ്.

3. ആറ് മൊബൈൽ കോടതികളെ റഗുലർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികളാക്കാൻ മന്ത്രിസഭായോഗത്തിൽ തീരുമാനം.

4. മലപ്പുറത്ത് എംപോക്സ് ലക്ഷണങ്ങളോടെ ചികിത്സയിലുണ്ടായിരുന്ന വ്യക്തിയ്ക്ക് രോഗം സ്ഥിരീകരിച്ചു. രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ചികിത്സ തേടണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.

5. തൃശൂർ നഗരത്തെ ആവേശത്തിലാഴ്ത്തി സ്വരാജ് ഗ്രൗണ്ടിൽ പുലികളിക്ക് തുടക്കം.

6. ഇന്ത്യ-ബംഗ്ലാദേശ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പര നാളെ ചെന്നൈയിൽ ആരംഭിക്കും.

***********************************

## ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്

രാജ്യത്തുടനീളം ഒരേസമയം തിരഞ്ഞെടുപ്പിന് വഴിയൊരുക്കുന്ന 'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്' എന്ന ആശയം വിശകലനം ചെയ്യുന്നതിനായി രൂപീകരിച്ച ഉന്നതതല സമിതിയുടെ ശിപാർശകൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ അധ്യക്ഷതയിൽ രൂപീകരിച്ച സമിതി, രാഷ്ട്രീയ പാർട്ടികളും വിദഗ്ധരുമുൾപ്പെടെ ഉള്ളവരുമായി ചർച്ച നടത്തിയ ശേഷമാണ് റിപ്പോർട്ട് സമർപ്പിച്ചതെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. കേന്ദ്രമന്ത്രിസഭാ യോഗത്തിന് ശേഷം ഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അതേസമയം, 'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്' നടപ്പാക്കുന്നത് രാജ്യത്തെ ഫെഡറൽ വ്യവസ്ഥയെ നിർവീര്യമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സമൂഹമാധ്യമത്തിൽ കുറിച്ചു.

RNU TVPM

**************************************

## ജമ്മുകശ്മീർ

ജമ്മുകശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിലെ ആദ്യഘട്ട വോട്ടെടുപ്പ് പുർത്തിയായി. 5 മണി വരെ 58.19 ശതമാനം പോളിങ് രേഖപ്പെടുത്തി. 24 നിയമസഭാ മണ്ഡലങ്ങളിലായി 219 സ്ഥാനാർത്ഥികളാണ് മത്സരിക്കുന്നത്. രണ്ടാംഘട്ട വോട്ടെടുപ്പ് ഈ മാസം 25നും മൂന്നാമത്തെതും അവസാനത്തെയും ഘട്ട വോട്ടെടുപ്പ് അടുത്തമാസം ഒന്നിനും നടക്കും. ഒക്ടോബർ എട്ടിനാണ് വോട്ടെണ്ണൽ.

**************************************

## എൻപിഎസ് വാത്സല്യ പദ്ധതി

എല്ലാവർക്കും സാമ്പത്തിക സുരക്ഷിതത്വം എന്ന കേന്ദ്ര നയത്തിന്റെ ഭാഗമായി എൻപിഎസ് വാത്സല്യ പദ്ധതിക്ക് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. പദ്ധതിയിലൂടെ രക്ഷിതാക്കൾക്ക് കുട്ടികളുടെ പേരിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അക്കൗണ്ട് തുറക്കാനും, നിക്ഷേപം ഉറപ്പാക്കാനും സാധിക്കും. കുട്ടികളുടെ ഭാവിസുരക്ഷിതമാക്കാനുള്ള ദീർഘകാല നിക്ഷേപമാകും NPS-വാത്സല്യ എന്ന് ശ്രീമതി നിർമല സീതാരാമൻ പറഞ്ഞു.

(വോയിസ് ബൈറ്റ്)

18 വയസ്സുവരെ പ്രതിവർഷം 1,000 രൂപ മുതൽ കുട്ടിയുടെ പേരിൽ നിക്ഷേപിക്കാം. ബാങ്ക് , തപാൽ ഓഫീസ്, പെൻഷൻ ഓഫീസ് വഴിയോ ഇ-NPS പോർട്ടൽ മുഖേന ഓൺലൈൻ ആയോ നിക്ഷേപം നടത്താം.

RNU TVPM

************************************

## മന്ത്രിസഭായോഗം

15-◌ാ◌ം കേരള നിയമസഭയുടെ 12-◌ാമത് സമ്മേളനം അടുത്ത മാസം നാല് മുതൽ വിളിച്ചു ചേർക്കുന്നതിന് ഗവർണറോട് ശുപാർശ ചെയ്യാൻ ഇന്ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. ദേശീയ ആയുഷ് ദൗത്യത്തിന്റെ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തി ആലുവ മുനിസിപ്പാലിറ്റിയിൽ പുതിയ ഹോമിയോ ഡിസ്പെൻസറി പ്രവർത്തനം ആരംഭിക്കും. കോഴിക്കോട് സൈബർപാർക്കിനോട് ചേർന്ന് കിടക്കുന്ന 20 സെൻറ് സ്ഥലം സൈബർപാർക്കിനായി ഏറ്റെടുക്കാനും മന്ത്രിസഭ ഭരണാനുമതി നൽകി.

***********************************

## കോടതി

ആറ് മൊബൈൽ കോടതികളെ റഗുലർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികളാക്കാനും മന്ത്രിസഭായോഗം അംഗീകാരം നൽകി. തിരുവനന്തപും, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ മൊബൈൽ കോടതികളെയാണ് മാറ്റുക. പുതുതായി 21 തസ്തികകൾ സൃഷ്ടിക്കും. ക്രിമിനൽ കോടതികളിൽ അനുവദിച്ചിട്ടുള്ള 16 തസ്തികകളും പരിവർത്തനം ചെയ്യും.

***********************************

## കുടുംബ ബഡ്ജറ്റ് സർവ്വേ

പുതിയ ഉപഭോക്തൃ വില സൂചിക തയ്യാറാക്കുന്നതിനായി കുടുംബ ബഡ്ജറ്റ് സർവ്വേ നടത്താൻ മന്ത്രിസഭ തീരുമാനിച്ചു. 1948-ലെ കുറഞ്ഞ വേതന ചട്ടത്തിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ വേതനം, പുതുക്കുന്നതുമായി ബന്ധപ്പെട്ടാണ് സർവ്വേ. ഇതിനായി സംസ്ഥാനതല ഉപഭോക്ത്യ-വിലസൂചിക പുനരവലോകന സമിതി രൂപീകരിക്കും.

PNU TVPM

***********************************

## അഷ്ടമുടി

അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയ്ക്ക് വേണ്ടി ഡ്രഡ്ജ് ചെയ്ത ഭാഗത്തെ മണ്ണ് ദേശീയ പാത 66- ന്റെ പ്രവൃത്തിക്ക് വില ഈടാക്കാതെ നൽകാൻ മന്ത്രിസഭ അനുമതി നൽകി. ദേശീയപാതാ നിർമ്മാണത്തിന് മാത്രമെ ഇത് ഉപയോഗിക്കാവു എന്ന വ്യവസ്ഥയിൽ, റോയൽറ്റി, സീനിയറേജ് ചാർജ് എന്നിവയിലും ഇളവ് നൽകും.

************************************

## എംപോക്സ്

മലപ്പുറത്ത് എംപോക്സ് ലക്ഷണങ്ങളോടെ ചികിത്സയിലുണ്ടായിരുന്ന വ്യക്തിയ്ക്ക് രോഗം സ്ഥിരീകരിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്. യുഎഇയിൽ നിന്നും വന്ന 38 വയസുകാരനാണ് എംപോക്സ് സ്ഥിരീകരിച്ചത്. മറ്റ് രാജ്യങ്ങളിൽ നിന്നും ഇവിടെ എത്തുന്നവർക്ക് ഉൾപ്പെടെ രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ചികിത്സ തേടണമെന്നും ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. രോഗം സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ജാഗ്രത കർശനമാക്കി.

RIJU TVPM

************************************

## പുലികളി - ഇൻട്രോ

തൃശൂരിലെ ഓണാഘോഷത്തിന് പരിസമാപ്തി കുറിച്ചുകൊണ്ട് ശക്തന്റെ തട്ടകത്തിൽ പുലികളിറങ്ങി. പതിനായിരങ്ങളാണ് പുലിക്കളി കാണുന്നതിനായി സ്വരാജ് റൗണ്ടിൽ തടിച്ചുകൂടിയത്.

**വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്....**

(വോയ്സ്)

************************************

## സപ്ലൈകോ വില്പന

ഓണക്കാലത്ത് സപ്ലൈകോ വില്പനശാലകളിൽ 123.56 കോടി രൂപയുടെ വിറ്റു വരവ് നടന്നു. ഈ മാസം ഒന്നു മുതൽ

14ആം തീയതിവരെയുള്ള കണക്കാണിത്. ഇതിൽ 66.83 കോടി രൂപ സബ്സിഡി ഇനങ്ങളുടെ വില്പനയിലൂടെ മാത്രം നേടിയതാണ്. സപ്ലൈകോ പെട്രോൾ ബങ്കുകളിലെയും എൽപിജി ഔട്ട്ലെറ്റുകളിലെയും വിറ്റുവരവ് ഉൾപ്പെടാതെയുള്ള കണക്കാണിത്.

*************************************

## ഉതൃട്ടാതി ജലോത്സവം - ഇൻട്രോ

ആറന്മുള ഉത്രിട്ടാതി ജലോത്സവം പുരോഗമിക്കുന്നു. ബി ബാച്ചിൻറെ മത്സര വള്ളംകളിയാണ് പുരോഗമിക്കുന്നത്. ജലോത്സവത്തിൻറെ ഉദ്ഘാടനം മന്ത്രി കെ. എൻ ബാലഗോപാലും ജലഘോഷയാത്രയുടെ ഫ്ലാഗ് ഓഫ് മന്ത്രി മുഹമ്മദ് റിയാസും നിർവഹിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

(വോയ്സ്)

RNUTVPM

*************************************

## സ്വച്ഛതാ ഹി സേവ - മലപ്പുറം

കേന്ദ്ര സർക്കാരിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'സ്വച്ഛതാ ഹി സേവ ' ക്യാംപയിന് മലപ്പുറം ജില്ലയിൽ തുടക്കമായി. നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ ചെരുപ്പടി മലയിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളോടെയാണ് ക്യാംപയിന് തുടക്കമായത്. വിവിധ സംഘടനകളിൽ നിന്നായി 100 ഓളം പേർ ശുചീകരണയജ്ഞത്തിൽ പങ്കാളികളായി.

*************************************

## ക്രിക്കറ്റ്

ഇന്ത്യ-ബംഗ്ലാദേശ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയ്ക്ക് നാളെ ചെന്നൈയിൽ തുടക്കമാകും. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഭാഗമാണ് ഈ പരമ്പര. രോഹിത് ശർമ്മ നയിക്കുന്ന ഇന്ത്യൻ നിരയിൽ വിരാട് കോഹ് ലി, ആർ അശ്വിൻ, ജസ്പ്രീത് ബുമ്ര, കെ എൽ രാഹുൽ എന്നിവരും ഉൾപ്പെടുന്നു. കാൺപൂരിൽ 27 നാണ് രണ്ടാം ടെസ്റ്റ്.

***********************************

## കേരള ക്രിക്കറ്റ് ലീഗ്

കേരള ക്രിക്കറ്റ് ലീഗ് ആദ്യ സീസണിലെ ഫൈനൽ ഇന്ന്. കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്സും, ഏരീസ് കൊല്ലം സെയ്‌ലേഴ്സും ഫൈനലിൽ ഏറ്റുമുട്ടും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം.

RNU TVPM

***********************************

## സൂപ്പർ ലീഗ്

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് കാലിക്കറ്റ് എഫ് സി യും ഫോഴ്സ കൊച്ചിയും ഏറ്റുമുട്ടും. സൂപ്പർ ലീഗിന്റെ മൂന്നാം റൗണ്ടിലെ ആദ്യ മത്സരമാണ് ഇന്ന് രാത്രി 7.30 ന് കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ നടക്കുന്നത്.

***********************************

## CBSE പരീക്ഷ

2025ൽ CBSE പരീക്ഷ എഴുതുന്ന ഒൻപത്, പതിനൊന്ന് ക്ലാസുകളിലെ വിദ്യാർത്ഥികൾക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. രജിസ്ട്രേഷൻ ഫോം സമർപ്പിക്കാനുള്ള അവസാന തീയതി അടുത്ത മാസം 16 ആണ്.

സിബിഎസ്ഇ-അഫിലിയേറ്റഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് cbse.gov.in-ൽ രജിസ്റ്റർ ചെയ്യാം. അതത് സ്കൂളുകൾ പേരും വിശദാംശങ്ങളും സമർപ്പിച്ച വിദ്യാർത്ഥികളെ മാത്രമേ ,അടുത്ത അധ്യയന വർഷത്തിൽ 10, 12 ക്ലാസ് ബോർഡ് പരീക്ഷകൾ എഴുതാൻ അനുവദിക്കൂവെന്ന് ബോർഡ് വ്യക്തമാക്കി.

**************************************

## ശൈലി 2

സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ രണ്ടാംഘട്ടത്തിൽ 25 ലക്ഷത്തിലധികം പേർ ആരോഗ്യപരിശോധന നടത്തിയതായി മന്ത്രി വീണാ ജോർജ്. ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച സ്ക്രീനിംഗിന്റെ ആദ്യഘട്ടത്തിൽ 30 വയസിന് മുകളിൽ പ്രായമുള്ള 1.54 കോടിയിലധികം പേർ പരിശോധനയ്ക്ക് വിധേയരായിരുന്നുവെന്ന് മന്ത്രി പറഞ്ഞു. ടിബി, ശ്വാസകോശ രോഗങ്ങൾ തുടങ്ങിയവ കൂടി ഉൾപ്പെടുത്തിയാണ് ശൈലി 2 എന്നപേരിൽ രണ്ടാംഘട്ടം ആവിഷ്ക്കരിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

RNUTVPM

*********************************************************

**************************************

***********************